(സി) ഉണ്ട്. റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണ് എന്ന് ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്രസർക്കാരിനോട് നിവേദനങ്ങളിലൂടെ താഴെപ്പറയുന്ന കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട് :

1. റബ്ബറിന്റെ ഇറക്കുമതി തടയുക.
2. റബ്ബർ വ്യവസായത്തെ 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തുക.
3. റബ്ബർ ഷീറ്റിന്റേയും, റബ്ബർ ഉല്പന്നങ്ങളുടേയും ഇറക്കുമതി ചുങ്കം 8 ശതമാനത്തിൽ നിന്നും 40 ശതമാനമായി വർദ്ധിപ്പിക്കുക.
4. റബ്ബർ ആക്ടിൽ ഭേദഗതി വരുത്തി സ്വാഭാവിക റബ്ബറിന്റേതുപോലെ സിന്തറ്റിക് റബ്ബറിനും കിലോയ്ക്ക് 2 രൂപ നിരക്കിൽ സെസ് ഏർപ്പെടുത്തുക.
5. സ്വാഭാവിക റബ്ബറിന്റെ ഉപയോഗം തദ്ദേശീയമായി വർദ്ധിപ്പിക്കുക.
6. ബ്ലോക്ക് റബ്ബറിന്റെ ഇറക്കുമതി ചുങ്കം 40% ആയി വർദ്ധിപ്പിക്കുക.
7. റബ്ബർ ഉല്പാദനം വർദ്ധിപ്പിക്കുവാൻ റബ്ബർ കർഷകരെ പ്രോത്സാഹിപ്പിക്കുക.
8. സ്വാഭാവിക റബ്ബറിന് വിലസ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക.
9. റബ്ബർ തടിയെ കാർഷിക ഉല്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുക.
10. സ്വാഭാവിക റബ്ബർ പോളിസി രൂപീകരണ കമ്മിറ്റിയിൽ കൂടുതൽ കർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുക.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പദ്ധതി

2 (*122) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് പദ്ധതി മുഖാന്തരം പഞ്ചായത്തുകൾക്കും പൗരന്മാർക്കും ലഭ്യമാക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ-ഡി) ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ച് പരിപാലിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി 2005-ൽ സർക്കാർ MGP -യുടെ ഭാഗമായി ആസ്തി രജിസ്റ്ററുകൾ തയ്യാറാക്കുന്നതിന് സ.ഉ.(എംഎസ്.) നമ്പർ 363/2005/തസ്വഭവ നമ്പർ ഉത്തരവ് 2-12-2005-ൽ പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവ് പ്രകാരം രജിസ്റ്ററുകൾ കില, കുടുംബശ്രീ എന്നിവയുടെ സഹായത്തോടെ സചിത്ര സോഫ്റ്റ്വെയർ ഉപയോഗിച്ച് ഇൻഫർമേഷൻ കേരള മിഷൻ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റിയെങ്കിലും ആസ്തികളുടെ സംസ്ഥാനതല ക്രോഡീകരണം വിവിധ കാരണങ്ങളാൽ സാധ്യമാകാത്തതിനെതുടർന്ന് അവ ഡിജിറ്റൽ രൂപത്തിൽ പരിപാലിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഫാറങ്ങളും ഉൾപ്പെട്ട സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് ഡിജിറ്റൽ രൂപത്തിലാക്കപ്പെട്ട ആസ്തി രജിസ്റ്ററുകൾ സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗുമായി യോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും മറ്റു മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർപേഴ്സണും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനറുമായി പത്തംഗ മോണിറ്ററിംഗ് സമിതി രൂപീകരിക്കുകയും ചെയ്തു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും ആസ്തികൾ സംബന്ധിച്ച് വ്യക്തമായ രേഖ തയ്യാറാക്കി സൂക്ഷിക്കുകയും അത് ഡിജിറ്റൈസ് ചെയ്യുന്നതിലൂടെ വിവരശേഖരണത്തിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുകയും ചെയ്യുന്നതിന് സാധിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ സംരക്ഷിക്കപ്പെടുകയും ആയതു സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ലഭിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly